വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച വിജ്ഞാപനം അപ്രത്യക്ഷമായതു സംബന്ധിച്ച്

53 (62) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർക്കാരിന്റെ ഉടമസ്ഥതയിലുള്ള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ, ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളിൽ 754 ഒഴിവുകൾ ഉണ്ടെന്നും ആ ഒഴിവുകളിലേക്ക് 2011 ജനുവരി 10-നകം ഓൺലൈനായി അപേക്ഷ നൽകണമെന്നും ഔദ്യോഗിക വെബ്സൈറ്റുകളിലും 2011 ജനുവരി 8-ാം തീയതിയിലെ മലയാള മനോരമ തൊഴിൽ വീഥിയിലും വിജ്ഞാപനം നൽകിയതിനുശേഷം പിന്നീട് ഈ വിജ്ഞാപനം വെബ്സൈറ്റിൽനിന്നും അപ്രത്യക്ഷമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇങ്ങനെ സംഭവിച്ചത് എന്തുകൊണ്ട് എന്ന് വിശദീകരിക്കുമോ ;

(ബി) ഈ സ്ഥാപനങ്ങളിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) ഈ ഒഴിവുകളിലേക്ക് എത്ര അപേക്ഷകൾ ഓൺലൈനായി കിട്ടിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ തസ്തികകൾ ഉണ്ടായത് എന്നു മുതൽ ആണ് എന്നും ഏതൊക്കെ തസ്തികകളിലാണ് ഒഴിവുകൾ ഉള്ളത് എന്നും വ്യക്തമാക്കുമോ ;

(ഇ) വളരെ കുറച്ച് സമയംമാത്രം നൽകി വിജ്ഞാപനം പുറപ്പെടുവിക്കുകയും അത്രയും വേഗത്തിൽതന്നെ വിജ്ഞാപനം അപ്രത്യക്ഷമാവുകയും ചെയ്ത സാഹചര്യം എന്ത് എന്ന് വെളിപ്പെടുത്തുമോ ;

(എഫ്) സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനി, കോർപ്പറേഷൻ ബോഡുകളിൽ നിലവിലുള്ള ഒഴിവുകളിൽ അധികമാരും അറിയാതെ വിജ്ഞാപനം നടത്തി അപേക്ഷ ക്ഷണിച്ച് അവയിൽനിന്നും ഇഷ്ടക്കാരെ തിരുകിക്കയറ്റുന്നതായുള്ള പത്ര വാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) ആയതിനാൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) (i) സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ

2010-11 ബഡ്ജറ്റിൽ പ്രഖ്യാപിച്ചതുപ്രകാരമുള്ള 8 പുതിയ പൊതുമേഖലാ സ്ഥാപനങ്ങളിൽ 3 എണ്ണം കോർപ്പറേഷന്റെ കീഴിലുള്ളതാണ്. കൂടാതെ ട്രിവാൻഡ്രം സ്പിന്നിംഗ് മിൽ, മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽ എന്നീ രണ്ട് എക്സ്പാൻഷൻ പ്രോജക്ടുകളുമുണ്ട്. കോർപ്പറേഷന്റെ കീഴിലുള്ള സ്ഥാപനങ്ങളിലേക്ക് ജീവനക്കാരെ തിരഞ്ഞെടുക്കുന്നതിനായി 2011 ജനുവരി 1-ലെ ജി.ഒ.(എം.എസ്.)നമ്പർ 1/2011/ഐഡി. എന്ന സർക്കാർ ഉത്തരവുപ്രകാരം 768 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഈ തസ്തികകളിലേക്കുള്ള റിക്രൂട്ട്മെന്റ് കളമശ്ശേരിയിലുള്ള കേരളാ സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിൽ എന്ന

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനത്തിനെയാണ് ഏൽപ്പിച്ചിട്ടുള്ളത്. അപേക്ഷകൾ ഓൺലൈനായാണ് സ്വീകരിക്കാൻ തീരുമാനമായത്. കോർപ്പറേഷന്റെയും പ്രൊഡക്ടിവിറ്റി കൗൺസിലിന്റെയും വെബ്സൈറ്റുകൾ തമ്മിൽ ലിങ്ക് ചെയ്താണ് അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നത്. അതിനായുള്ള ട്രയൽ റൺ നടത്തുന്നതിനായി പരസ്യം വെബ്സൈറ്റിൽ അപ്ലോഡ് ചെയ്ത് ട്രയൽ നടത്തിവരികയായിരുന്നു. ഇത് വെബ്സൈറ്റിൽകണ്ട് ഉദ്യോഗാർത്ഥികൾ അന്വേഷിക്കാൻ തുടങ്ങുകയും ഓൺലൈൻ അപേക്ഷകൾക്കുള്ള തയ്യാറെടുപ്പ് പൂർത്തീകരിക്കാൻ സാധിക്കാതെവന്നതിനാലുമാണ് കോർപ്പറേഷന്റെ വെബ്സൈറ്റിന്റെ ഹോം പേജിൽനിന്ന് പരസ്യം മാറ്റിയത്. പക്ഷേ ആ സമയത്തും മുൻപുണ്ടായിരുന്ന ലിങ്ക് വെബ്സൈറ്റിൽ ഉണ്ടായിരുന്നു. കോർപ്പറേഷൻ തൊഴിൽ വീഥിയിൽ ഈ ഒഴിവുകൾക്കായി പരസ്യം നൽകിയിട്ടില്ല. പിന്നീട് ഇതേ ഒഴിവുകൾ 2011 ജനുവരി 5-ലെയും 2011 ജനുവരി 6-ലെയും പ്രമുഖ പത്രങ്ങളിൽ പരസ്യപ്പെടുത്തുകയും ഓൺലൈൻ അപേക്ഷകൾ തയ്യാറായപ്പോൾ വെബ്സൈറ്റിൽ ഹോം പേജിൽ കാണിക്കുകയും ചെയ്തിരുന്നു.

(ii) ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്

മലയാള മനോരമ തൊഴിൽവീഥിയിൽ കമ്പനി വിജ്ഞാപനം നൽകിയിട്ടില്ല. കമ്പനിയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ട്രാക്കോ കേബിൾ കമ്പനിക്കുവേണ്ടി നിയമന നടപടികൾ പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി ആദ്യം സജീവമാക്കാതെ പരീക്ഷണാടിസ്ഥാനത്തിലും പിന്നീട് സർക്കാർ ഉത്തരവിന് അനുസൃതം സജീവമായും വിജ്ഞാപനം ചെയ്ത് അപ്രത്യക്ഷമായതായി അറിവില്ല. സജീവമാക്കപ്പെട്ട വിജ്ഞാപനപ്രകാരം അപേക്ഷ നൽകേണ്ടതിന്റെ അവസാന ദിവസം 2011 ജനുവരി 15-ാം തീയതി ആയിരുന്നു.

(ബി) (i) കോർപ്പറേഷന്റെ യൂണിറ്റുകളിൽ 768 ഒഴിവുകളുണ്ട്.

(ii) കമ്പനിയുടെ പുതിയ യൂണിറ്റിൽ 119 ഒഴിവുകൾ നിലവിലുണ്ട്.

(സി) (i) ഈ ഒഴിവുകളിലേക്ക് 90,586 അപേക്ഷകൾ ഓൺലൈനായി പ്രൊഡക്ടിവിറ്റി കൗൺസിലിൽ കിട്ടിയിട്ടുണ്ട്.

(ii) ഈ ഒഴിവുകളിലേക്ക് 19,812 അപേക്ഷകൾ ഓൺലൈനായി പ്രൊഡക്ടിവിറ്റി കൗൺസിലിൽ കിട്ടിയിട്ടുണ്ട്.

(ഡി) (i) വ്യവസായ വകുപ്പുമന്ത്രിയുടെയും ധനകാര്യ വകുപ്പുമന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ കൂടിയ ഉന്നത ഉദ്യോഗസ്ഥൻമാരടങ്ങുന്ന സമിതിയുടെ തീരുമാനം കാബിനറ്റ് അപ്രൂവലോടെയാണ് പുതിയ എട്ട് ഫാക്ടറികളുടെയും ഫാക്ടറികളുടെ നവീകരണത്തിനും വികസനത്തിനുമായുള്ള പ്രവർത്തനങ്ങൾക്കായി പുതിയ തസ്തികകൾ സൃഷ്ടിച്ചത്. പ്രസ്തുത തസ്തികകൾക്ക് 2011 ജനുവരി 24-ലെ ഉത്തരവുപ്രകാരം സർക്കാർ അംഗീകാരവും നൽകിയിട്ടുണ്ട്. ഒഴിവുകൾ ഉള്ളത് താഴെപ്പറയുന്ന തസ്തികകളിലാണ് :

ജനറൽ മാനേജർ

മാനേജർ

ഡെപ്യൂട്ടി മാനേജർ

LIBRARY ARCHIVES Kerala Legislative Assembly

അസിസ്റ്റന്റ് മാനേജർ

ജൂനിയർ മാനേജർ

ഇലക്ട്രിക്കൽ സൂപ്പർവൈസർ

ഇലക്ട്രോണിക് സൂപ്പർവൈസർ

എച്ച്.വി.എസ്.സി. സൂപ്പർവൈസർ

ഷിഫ്റ്റ് ഇൻ ചാർജ് സൂപ്പർവൈസർ

ഡ്രൈവർ

ഓഫീസ് അറ്റൻഡർ-കം-ഡ്രൈവർ

ഓഫീസ് അറ്റൻഡർ

വർക്കർ & സെക്യൂരിറ്റി

(ii) ഈ തസ്തികകൾ ഉണ്ടായത് 1-1-2011 മുതലാണ്. താഴെപ്പറയുന്ന 13 തസ്തികകളിലാണ് മേൽപ്പറഞ്ഞ ഒഴിവുകൾ ഉള്ളത് :

സീനിയർ മാനേജർ

മാനേജർ

അസിസ്റ്റന്റ് മാനേജർ

എഞ്ചിനീയർ

ചാർജ്ജ് ഹാൻഡ്

സ്കിൽഡ് ഗ്രേഡ് III

സെമി സ്കിൽഡ്

അൺ സ്കിൽഡ്

ഹൗസ് കീപ്പിങ്ങ് അസിസ്റ്റന്റ്

ഫോർക്ക് ലിഫ്റ്റ് ഓപ്പറേറ്റർ

ഓഫീസ് അസിസ്റ്റന്റ്

സെക്രട്ടേറിയൽ അസിസ്റ്റന്റ്

സെക്യൂരിറ്റി ഗാർഡ്

(ഇ) (i) കോർപ്പറേഷന്റെ കീഴിലുള്ള സ്ഥാപനങ്ങളിലേക്ക് ജീവനക്കാരെ തെരഞ്ഞെടുക്കുന്നതിനായി 2011 ജനുവരി 1-ലെ ജി.ഒ.(എം.എസ്.)നമ്പർ 1/2011/ഐഡി. എന്ന സർക്കാർ ഉത്തരവുപ്രകാരം 768 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഈ തസ്തികകളിലേക്കുള്ള റിക്രൂട്ട്മെന്റ് കളമശ്ശേരിയിലുള്ള കേരളാ സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിൽ എന്ന സ്ഥാപനത്തിനെയാണ് ഏൽപ്പിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

അപേക്ഷകൾ ഓൺലൈനായാണ് സ്വീകരിക്കാൻ തീരുമാനമായത്. കോർപ്പറേഷന്റെയും പ്രൊഡക്ടിവിറ്റി കൗൺസിലിന്റെയും വെബ്സൈറ്റുകൾ തമ്മിൽ ലിങ്ക് ചെയ്താണ് അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നത്. അതിനായുള്ള ട്രയൽ റൺ നടത്തുന്നതിനായി പരസ്യം വെബ്സൈറ്റിൽ അപ്ലോഡ് ചെയ്ത് ട്രയൽ നടത്തിവരികയായിരുന്നു. ഇത് വെബ്സൈറ്റിൽകണ്ട് ഉദ്യോഗാർത്ഥികൾ അന്വേഷിക്കാൻ തുടങ്ങുകയും ഓൺലൈൻ അപേക്ഷകൾക്കുള്ള തയ്യാറെടുപ്പ് പൂർത്തീകരിക്കാൻ സാധിക്കാതെ വന്നതിനാലുമാണ് കോർപ്പറേഷന്റെ വെബ്സൈറ്റിന്റെ ഹോം പേജിൽനിന്ന് പരസ്യംമാറ്റിയത്.

(ii) 2011 ജനുവരി 5-ാം തീയതി മുതൽ അപേക്ഷിക്കേണ്ടതിന്റെ അവസാന ദിവസമായ 15-1-2011-വരെ ഓൺലൈൻ വിജ്ഞാപനം സജീവമായി നിലനിന്നിരുന്നു. 5-1-2011-ൽ പത്രങ്ങളിലും വിജ്ഞാപനം പരസ്യം ചെയ്തിരുന്നു. 19,812 അപേക്ഷകൾ ലഭിച്ചതിൽനിന്നും വിജ്ഞാപനം വ്യാപകമായി ശ്രദ്ധിക്കപ്പെട്ടു.

(എഫ്) ഇല്ല.

(ജി) ബാധകമല്ല.

പി.എസ്.സി. മുഖേന 2010 മാർച്ചിനുശേഷം സർക്കാർ സർവ്വീസുകളിൽ നടത്തിയ നിയമനം

54 (63) ശ്രീ. റ്റി. യു. കുരുവിള : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010 മാർച്ച് 31-ന് സർക്കാർ സർവ്വീസിൽനിന്ന് വിരമിച്ച ഉദ്യോഗസ്ഥരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) 2010 മാർച്ചിന്ശേഷം പി.എസ്.സി. മുഖേന സർക്കാർ സർവ്വീസിൽ എത്ര പേർക്ക് നിയമനംനൽകി ; ഏതെല്ലാം തസ്തികകളിലാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

പി.എസ്.സി. പരീക്ഷകളിൽ മൊബൈൽ ഫോൺ ഉപയോഗിച്ച് നടത്തിയ ക്രമക്കേടുകൾ

55 (64) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. എസ്. സി. പരീക്ഷകളിൽ മൊബൈൽ ഫോൺ ഉപയോഗിച്ച് ഉത്തരം കേട്ടെഴുതിയ സംഭവങ്ങളെത്തുടർന്ന് പി.എസ്.സി. പരീക്ഷകൾ കുറ്റമറ്റരീതിയിലും അഴിമതിരഹിതമായും നടത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; പുതിയതായി നടപടികളെന്തെങ്കിലും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly